# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : * 494

05.07.2012-ൽ

മറുപടിക്ക്.

### കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലെ കേന്ദ്ര നിക്ഷേപം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. പി.റ്റി. എ. റഹീം<br>ശ്രീ. എം.ചന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തുള്ളകേന്ദ്രപൊതു മേഖലാസ്ഥാപനങ്ങളിൽ കേന്ദ്ര നിക്ഷേപം കുറഞ്ഞുവരുന്നത് കേരള ത്തിന്റെ വ്യവസായ വത്ക്കരണത്തെ യും തൊഴിൽ സാദ്ധ്യതയേയുംദോഷകര മായിബാധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സംസ്ഥാനത്ത് കേന്ദ്രനിക്ഷേപം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന്വ്യക്തമാക്കുമോ? | (ബി) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഗെയിൽ ഇൻഡ്യാ ലിമിറ്റഡ് മുതലായ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ വൻതോതിൽ കേരളത്തിൽ നിക്ഷേപം നടത്തി വരികയാണ്. ബി.ഇ.എം.എൽ, ടെൽക്ക്, എൻ.ടി.പി.സി മുതലായ സംരംഭങ്ങളും സംസ്ഥാനത്ത് നിക്ഷേപം വർദ്ധിപ്പിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 22.09.2011 ന് വൻകിട വ്യവസായങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചുമതലയുള്ള കേന്ദ്രമന്ത്രിയെ കാണുകയും കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെപ്പറ്റി വിശദമായ ചർച്ചകൾ നടത്തുകയും, മേൽ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞതു കൂടാതെ സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് പുതുതായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ